# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 10.09.2026**

## പ്രധാനവാർത്തകൾ

RNU TVPM

1. ബഹിരാകാശ മേഖലയിൽ സുരക്ഷയും സഹകരണവും ഉറപ്പാക്കാൻ അന്താരാഷ്ട്ര ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആഹ്വാനം.

2. യുവജനങ്ങളെ ലഹരിയിൽ നിന്നും രക്ഷിക്കാൻ കായിക മേഖലയ്ക്ക് കഴിയുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ.

3. സംസ്ഥാനത്ത് ഡിജിറ്റൽ സർവേയുടെ രണ്ടാംഘട്ടം നവംബർ ഒന്നിന് പുനരാരംഭിക്കും.

4. മനുഷ്യ - വന്യജീവി സംഘർഷം നേരിടാൻ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് മന്ത്രി ഷിബു ബേബി ജോൺ.

5. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി വാങ്ങുന്ന മരുന്നുകളുടെ നിലവാരം ഉറപ്പാക്കാനുള്ള ചുമതല ഡ്രഗ്സ് കൺട്രോൾ വകുപ്പിന് നൽകാൻ തീരുമാനം.

6. വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ഇന്ന് ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം.

*************************

## പ്രധാനമന്ത്രി നരേന്ദ്ര മോദി

അന്താരാഷ്ട്ര നിയമങ്ങളും ബഹുമുഖ സഹകരണവും അടിസ്ഥാനമാക്കി സുരക്ഷിതവും സമാധാനപരവുമായ ബഹിരാകാശ അന്തരീക്ഷത്തെയാണ് ഇന്ത്യ പിന്തുണയ്ക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പാരിസിൽ നടന്ന അന്താരാഷ്ട്ര ബഹിരാകാശ ഉച്ചകോടിയെ വിർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബഹിരാകാശ ഭ്രമണപഥങ്ങൾ കൂടുതൽ തിരക്കേറുന്ന സാഹചര്യത്തിൽ സംഘർഷത്തേക്കാൾ സഹകരണത്തിനും, ഹ്രസ്വകാല നേട്ടത്തേക്കാൾ സുസ്ഥിരതയ്ക്കും, മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

*************************

## മുഖ്യമന്ത്രി (ഇൻട്രോ)

കായിക മേഖലയുടെ വികസനത്തിൽ കേരള പൊലീസ് നിർണായക പങ്കുവഹിച്ചതായി മുഖ്യമന്ത്രി വി.ഡി.സതീശൻ. തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ 47-ാമത് സംസ്ഥാന പോലീസ് കായികമേളയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യുവജനങ്ങളെ ലഹരിയിൽ നിന്നും രക്ഷിക്കുന്നതിന് കായിക മേഖലയ്ക്ക് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് വോയ്സ്.............)**

*************************

## ഡിജിറ്റൽ സർവേ

സംസ്ഥാനത്ത് ഡിജിറ്റൽ സർവേയുടെ രണ്ടാംഘട്ടം നവംബർ ഒന്നിന് പുനരാരംഭിക്കുമെന്ന് റവന്യൂ വകുപ്പ് മന്ത്രി എ.പി. അനിൽകുമാർ. നിലവിലെ സർവേ നടത്തിപ്പിലെ അപാകതകൾ പൂർണമായും പരിഹരിച്ച ശേഷമായിരിക്കും രണ്ടാംഘട്ട സർവേ ആരംഭിക്കുക. മുഖ്യമന്ത്രി വി.ഡി.സതീശന്റെ അധ്യക്ഷതയിൽ

RNUTVPM

ചേർന്ന യോഗത്തിലാണ് ഡിജിറ്റൽ സർവേ പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം ഉണ്ടായത്.

*************************

## ഷിബു ബേബി ജോൺ

മനുഷ്യ - വന്യജീവി സംഘർഷം നേരിടാൻ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് മന്ത്രി ഷിബു ബേബി ജോൺ. വാളയാർ വനപരിശീലന കേന്ദ്രത്തിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പാസ്സിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു അദ്ദേഹം. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട്, അത്യാധുനിക സാങ്കേതികവിദ്യകളും സംവിധാനങ്ങളും ഉൾപ്പെടുത്തി വനംവകുപ്പിനെ സമഗ്രമായി നവീകരിക്കുമെന്നും ശ്രീ.ഷിബു ബേബി ജോൺ അറിയിച്ചു.

*************************

## ബാങ്ക് വായ്പ (ഇൻട്രോ)

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ബാങ്കുകൾ വിതരണം ചെയ്ത കാർഷിക - ചെറുകിട സംരംഭ മേഖലകളിലെ വായ്പകളിൽ മികച്ച വളർച്ച. സംസ്ഥാനത്തെ ബാങ്കുകളിലെ നിക്ഷേപവും മികച്ച രീതിയിൽ ഉയർന്നിട്ടുണ്ടെന്ന് സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗം വിലയിരുത്തി. **കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയ്സ്)

*************************

## മന്ത്രി ബിന്ദു കൃഷ്ണ

കുട്ടികളുടെയും കൗമാരക്കാരുടെയും മാനസികാരോഗ്യവും ആത്മഹത്യാ പ്രതിരോധവും ഉറപ്പാക്കേണ്ടത് സമൂഹത്തിന്റെ

RNU TVPM

ഉത്തരവാദിത്തമാണെന്ന് മന്ത്രി ബിന്ദു കൃഷ്ണ. സംസ്ഥാന വനിതാ ശിശുവികസന വകുപ്പും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയും ചേർന്ന് സംഘടിപ്പിച്ച ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. ലോക ആത്മഹത്യാ പ്രതിരോധ ദിനത്തോടനുബന്ധിച്ച് നടക്കുന്ന ഒരു മാസം നീളുന്ന ഈ ബോധവൽക്കരണ പരിപാടി, "സംഭാഷണം ആരംഭിക്കാം, സംസാരിക്കാം, കേൾക്കാം, പിന്തുണയ്ക്കാം" എന്ന സന്ദേശമുയർത്തിയാണ് നടപ്പിലാക്കുന്നത്.

*************************

## വയനാട് ടൗൺഷിപ്പ്

മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായുള്ള പുനരധിവാസ ടൗൺഷിപ്പിലെ രണ്ടാംഘട്ട വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ മന്ദഗതിയിലാണെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്ന് മന്ത്രി ടി. സിദ്ദിഖ്. ഇതുസംബന്ധിച്ച വാർത്തകളെ തുടർന്ന് തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. 110 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഈ മാസം അവസാനത്തോടെ പൂർത്തിയാക്കുമെന്ന് നിർമ്മാണ കരാർ കമ്പനി ഉറപ്പുനൽകിയിട്ടുണ്ട്. എല്ലാ വീടുകളുടെയും നിർമ്മാണം ഒക്ടോബർ 31നകം പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു.

*************************

## മന്ത്രി കെ.മുരളീധരൻ

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം നിർത്തലാക്കിയതായി മന്ത്രി കെ. മുരളീധരൻ. KMSCL വഴി വാങ്ങുന്ന മരുന്നുകളുടെ നിലവാരം ഉറപ്പാക്കാനുള്ള ചുമതല ഡ്രഗ്സ് കൺട്രോൾ വകുപ്പിന് നൽകാൻ തീരുമാനിച്ചതായി അദ്ദേഹം അറിയിച്ചു. കഴിഞ്ഞ കാലങ്ങളിൽ

RNUTVPM

KMSCL വഴി സംഭരിച്ച് വിതരണം ചെയ്ത മരുന്നുകളിൽ വ്യാപകമായി ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിലാണ് നടപടി.

*************************

## മഴ

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കാപ്പിൽ മുതൽ പൊഴിയൂർ വരെയുള്ള തീരങ്ങളിൽ നാളെ രാവിലെ 08.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

*************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

RNU TVPM

*************************

## വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ്

വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 നാണ് മത്സരം. രണ്ടാം സെമിയിൽ നാളെ പാകിസ്ഥാനും ശ്രീലങ്കയും ഏറ്റുമുട്ടും. ഞായറാഴ്ചയാണ് ഫൈനൽ.

*************************

## ചെസ്സ് ചാമ്പ്യൻഷിപ്പ്

ആറാമത് സംസ്ഥാന ചെസ്സ് ചാമ്പ്യൻഷിപ്പിന് കണ്ണൂരിൽ ഒരുക്കങ്ങൾ പൂർത്തിയായി. കണ്ണൂർ സെന്റ് മൈക്കിൾസ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കണ്ടറി സ്കൂളിന്റെ ആഭിമുഖ്യത്തിൽ ശനിയാഴ്ച രാവിലെ മത്സരങ്ങൾ ആരംഭിക്കും. LKG മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി മൂന്ന് വിഭാഗങ്ങളിലായാണ് മത്സരം.

*************************

## വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് ഇന്ന് വൈകിട്ട് 6.45 മുതൽ 12.45 വരെ ഭാഗികമായി വൈദ്യുതി മുടങ്ങും. ഇന്ന് 900 മെഗാവാട്ട് വരെ വൈദ്യുതി കുറവ് അനുഭവപ്പെടാൻ സാധ്യതയെന്ന് കെഎസ്ഇബി വൃത്തങ്ങൾ അറിയിച്ചു. വൈദ്യുതി ഉപഭോഗം മുൻകാലങ്ങളെ അപേക്ഷിച്ച് ഗണ്യമായി വർധിച്ചിരിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് നടപടി.

*************************

## ശബരിമല അരവണ (ഇൻട്രോ)

ശബരിമല അരവണ നിർമ്മാണ പ്ലാൻറിൻറെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. വരുന്ന മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്തേക്കുള്ള ഒരുക്കങ്ങൾ നിലയ്ക്കൽ, പമ്പ, ശബരിമല എന്നിവിടങ്ങളിൽ ആരംഭിച്ചു കഴിഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി. എസ്. ശ്രീധർ.......**

(വോയ്സ്)

*************************

RNUTVPM

## ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ്

കേരളം ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റിന്റെ വജ്ര ജൂബിലി ആഘോഷങ്ങൾക്ക് നാളെ തുടക്കം. കോഴിക്കോട് കുണ്ടായിത്തോടിൽ എം കെ രാഘവൻ എം പി ഉദ്ഘാടനം ചെയ്യും.

*************************

## അഫ്ളാടോക്സിൻ

പാലിലെ അഫ്ളാടോക്സിൻ സാന്നിധ്യം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുമായി വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനങ്ങൾ ശക്തമാക്കുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. കാലിത്തീറ്റയിലെ ഫംഗസ് ബാധയാണ് പാലിൽ അഫ്ളാടോക്സിൻ സാന്നിധ്യത്തിന് പ്രധാന കാരണമാകുന്നത്.

*************************

## ധാരണാപത്രം

കേരള സർവകലാശാലയും യൂണിവേഴ്സിറ്റി മലേഷ്യ ടെറൻഗാനുവും തമ്മിൽ അക്കാദമിക-ഗവേഷണ-ശാസ്ത്ര മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിന് ധാരണാപത്രത്തിൽ ഒപ്പുവച്ചു. സമുദ്രശാസ്ത്രം, ഓഷ്യാനോഗ്രഫി മേഖലകളിൽ സംയുക്ത ഗവേഷണ-അക്കാദമിക പ്രവർത്തനങ്ങൾ, പ്രൊഫഷണൽ, അക്കാദമിക വികാസം, വിവിധ പരിശീലനപരിപാടികൾ എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

*************************

RNU TVPM

## ഐ സി ടി എൻ

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ സെന്റർ ഫോർ ന്യൂറോ സയൻസിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സമ്മേളനം ' ICTN 2026' മുഖ്യമന്ത്രി വി ഡി സതീശൻ ഞായറാഴ്ച ഉദ്ഘാടനം ചെയ്യും. മസ്തിഷ്കത്തിന്റെ ആരോഗ്യവും മാനസിക ക്ഷേമവും ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധർ ചർച്ചകൾ നടത്തും.

*************************

## കടുവ - ദയാവധം

തൃശൂർ പുത്തൂർ സുവോളജിക്കൽ പാർക്കിലെ കടുവയെ ദയാവധത്തിന് വിധേയമാക്കി. വായിൽ കാൻസർ സ്ഥിരീകരിച്ചതിനെ തുടർന്ന് ചികിത്സയിലായിരുന്ന നന്ദുവെന്ന ആൺകടുവയെയാണ് ദയാവധത്തിന് വിധേയമാക്കിയത്.

RNU TVPM

*************************

## മാധ്യമ ശില്പശാല

ആത്മഹത്യാ പ്രതിരോധ ദിനാചരണത്തിന്റെ ഭാഗമായി 'ആത്മഹത്യയെക്കുറിച്ചുള്ള കാഴ്ചപ്പാട് മാറ്റാം' എന്ന പ്രമേയത്തിൽ തിരുവനന്തപുരം പ്രസ് ക്ലബിൽ മാധ്യമ ശില്പശാല സംഘടിപ്പിച്ചു. സംസ്ഥാന വിവരാവകാശ കമ്മീഷണർ സോണിച്ചൻ പി. ജോസഫ് ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുമായി സഹകരിച്ചാണ് ശില്പശാല സംഘടിപ്പിച്ചത്.

*************************

## ബാലാവകാശ സംരക്ഷണ കമ്മീഷൻ

രണ്ടര വർഷം മുമ്പ് ഉദ്ഘാടനം ചെയ്ത തിരുവനന്തപുരം കാരോട് പഞ്ചായത്തിലെ ബഡ്സ് സ്കൂൾ അടിയന്തരമായി തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടികൾ എടുക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ.

*****************************************************
**************************

RNU TVPM